(എ) സംസ്ഥാനത്തിനനുയോജ്യമായുള്ള പുഷ്പ കൃഷികൾ ഏതെല്ലാമെന്നു പറയുമോ;

(ബി) ഏതെല്ലാം വിധത്തിലുള്ള പുഷ്പങ്ങൾ സംസ്ഥാനത്ത് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്നു;

(സി) ആന്തൂറിയം, വിവിധ ഓർക്കിഡുകൾ, ഡാലിയ മുതലായവ സംസ്ഥാനത്ത് ലാഭകരമായി കൃഷി ചെയ്യുവാൻ കഴിയുമോ;

(ഡി) എങ്കിൽ അവയുടെ വിത്തുകളും തൈകളും വിതരണം ചെയ്യുവാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷികൾ സംസ്ഥാനത്തിന് അനുയോജ്യമായവയാണ്. റോസ്, കാർണേഷൻ, ജർബറ, ഗ്ളാഡിയോളസ്, മാരിഗോൾഡ് എന്നിവയും സംസ്ഥാനത്ത് ഒട്ടാകെ കൃഷി ചെയ്യാവുന്നതാണ്.

(ബി) ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നീ പുഷ്പങ്ങൾ സംസ്ഥാനത്ത് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു.

(സി) കഴിയും.

(ഡി) ഇതിനായി നിലവിൽ പ്രത്യേകം പദ്ധതികളൊന്നും ഇല്ല. കഴക്കൂട്ടത്തെ ബയോ ടെക്നോളജി ആന്റ് മോഡൽ ഫ്ളോറി കൾച്ചർ സെന്ററിൽ ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ ടിഷ്യൂ കൾച്ചർ തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷനും (ഹോർട്ടികോർപ്പ്) ഇവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്. പ്രധാനമായും കഴക്കൂട്ടത്തെ മോഡൽ ഫ്ളോറികൾച്ചർ ലാബിൽ ഉല്പാദിപ്പിക്കുന്നവയും പാലോട് ബൊട്ടാണിക്കൽ ഗാർഡനിൽ ഉല്പാദിപ്പിക്കുന്നവയുമാണ് ഹോർട്ടികോർപ്പ് വഴി വിതരണം ചെയ്യുന്നത്.

ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം നിക്ഷേപകർക്ക് നൽകുന്ന പ്രോത്സാഹന സമ്മാനങ്ങൾ

*24 [84] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ബി. വിജയകുമാർ :
,, ടി. എൻ. പ്രതാപൻ :
,, കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് എന്തെല്ലാം വിധത്തിലുള്ള പ്രോത്സാഹനമാണ് ഇപ്പോൾ നൽകി വരുന്നത്;

(ബി) അവർക്ക് പണമായി നൽകി വന്നിരുന്ന പ്രോത്സാഹനം നിർത്തി വയ്ക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നിക്ഷേപകർക്ക് സമ്മാന പദ്ധതി ഏർപ്പെടുത്തിയത് എന്നു മുതലാണ്;

(ഡി) അന്നു മുതൽ സമ്മാനം നൽകുന്നതിന് ചെലവായ തുകയെത്ര;

(ഇ) നാഷണൽ സേവിംഗ്സിൽ നിക്ഷേപം നടത്തുന്ന എല്ലാവർക്കും സമ്മാനം നൽകുന്നുണ്ടോയെന്നും ഇല്ലാത്തപക്ഷം എത്ര പേർക്ക് സമ്മാനം ലഭിക്കും എന്നും വ്യക്തമാക്കുമോ;

(എഫ്) തമിഴ്നാട് പ്രോത്സാഹനമായി പണം നൽകുന്നതുമൂലം സംസ്ഥാനത്തുനിന്ന് വളരെയധികം പേർ തമിഴ്നാട്ടിൽ നാഷണൽ സേവിംഗ്സ് നിക്ഷേപം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുകയും തമിഴ്നാട് നൽകുന്നതു പോലെ നാഷണൽ സേവിംഗ്സിൽ നിക്ഷേപം നടത്തുന്നവർക്കുള്ള പ്രോത്സാഹനം പണമായി നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) ദേശീയ സമ്പാദ്യ പദ്ധതി പ്രകാരമുള്ള നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ വാങ്ങുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് (1-10-2003 മുതൽ 31-3-2004-വരെ) ഓരോ 10,000 രൂപയ്ക്കും ഓരോ കൂപ്പൺ വീതം നൽകി, നറുക്കെടുപ്പ് നടത്തി സമ്മാനം നൽകുന്ന വിധത്തിലുള്ള പ്രോത്സാഹനമാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ഭീമമായ സാമ്പത്തിക ബാദ്ധ്യത സർക്കാരിന് ഉണ്ടാവും എന്നതിനാലാണ് പ്രോത്സാഹനം പണമായി നൽകി വന്നിരുന്നത് നിർത്തിയത്.

(സി) ജി. ഒ. (എം. എസ്.) നം. 325/2002/ധന. തീയതി, 25-5-2002-ലെ ഉത്തരവ് പ്രകാരം 1-4-2002 മുതലാണ് നിക്ഷേപകർക്ക് സമ്മാന പദ്ധതി ഏർപ്പെടുത്തിയത്.

(ഡി) 25,70,088 രൂപ (ഒന്നാമത്തെ നറുക്കെടുപ്പിലെ സമ്മാനങ്ങൾ നൽകുന്നതിന് വേണ്ടി വന്ന ചെലവ്).

(ഇ) നിക്ഷേപം നടത്തുന്ന എല്ലാവർക്കും സമ്മാനം ലഭിക്കില്ല. 1-10-2003 മുതൽ നിലവിലുള്ള സമ്മാന പദ്ധതി പ്രകാരം 42 പേർക്കാണ് സമ്മാനം ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly